കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - നെടുമങ്ങാട് നഗരസഭ - യു.ഡി.ക്ലാർക്ക് ശ്രീ.സുനിൽകുമാറിന്റെ മുൻകാല സർവ്വീസിലെ ശമ്പളം പരിരക്ഷിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2359/2013/തസ്വഭവ തീയതി, തിരുവനന്തപുരം, 23/9/2013

പരാമർശം :
1. 13/7/1987-ലെ ജി.ഒ.(എം.എസ്)നം.162/87/തസ്വഭവ.
2. 07/06/89-ലെ ജി.ഒ.(എം.എസ്)നം.55/89/തസ്വഭവ.
3. 12/9/06-ലെ ജി.ഒ.(എം.എസ്)നം.211/06/തസ്വഭവ.
4. 30/06/2009 ലെ ജി.ഒ(സാധ)നം.1605/2009/തസ്വഭവ.
5. 02/03/2012 ലെ ജി.ഒ(സാധ)നം.644/2012/തസ്വഭവ.
6. ശ്രീ.സുനിൽകുമാറിന്റെ 03/07/2012 ലെ അപേക്ഷ.
7. നഗരകാര്യ ഡയറക്ടറുടെ 10/12/2012,24/04/2013 എന്നീ തിയതികളിലെ ഇ 3/14171/12 നം. കത്തുകൾ.

## ഉത്തരവ്

സർക്കാർ സർവ്വീസിൽ നിന്നും മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറ്റം ലഭിച്ചുവന്നവരുടെ മുൻകാല സർവ്വീസ് ശമ്പള നിർണ്ണയത്തിന് കണക്കാക്കിക്കൊണ്ട് പരാമർശം(1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിന് 31/03/1984 മുതൽ മുൻകാല പ്രാബല്യം നൽകിക്കൊണ്ട് പരാമർശം(2) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ടി ഉത്തരവ് പരാമർശം (3) പ്രകാരം റദ്ദാക്കപ്പെട്ടുവെങ്കിലും ആയതിന് മുൻകാല പ്രാബല്യം ഉണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ സർക്കാർ സർവ്വീസിൽ നിന്നും 31/03/1984 നും 11/09/2006 നും ഇടയ്ക്ക് മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിയ ജീവനക്കാർക്ക് അവരുടെ മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ചു ലഭിക്കുന്നതിന് അർഹതയുണ്ട്. ഇതിൻപ്രകാരം സർക്കാർ സർവ്വീസിൽ നിന്നും മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിയ ചില ഉദ്യോഗസ്ഥർക്ക് കോടതിവിധിയുടെ അടിസ്ഥാനത്തിൽ അവരുടെ മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ച് നൽകിക്കൊണ്ട് പരാമർശം (4), (5) പ്രകാരം ഉത്തരവായിരുന്നു.

നെടുമങ്ങാട് നഗരസഭയിൽ യു.ഡി.ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.എസ്.സുനിൽകുമാർ 30/11/1998 മുതൽ കേരളാ പോലീസ് സേനയിൽ പോലീസ് കോൺസ്റ്റബിൾ ആയി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിലെ ശമ്പളവും സേവനകാലവും സംരക്ഷിച്ച് നൽകുന്നതിന് ടിയാൻ പരാമർശം (6) പ്രകാരം അപേക്ഷ സമർപ്പിച്ചു. 18/02/2003 ൽ മുനിസിപ്പൽ കോമൺ സർവ്വീസ് ബ്രേക്ക് കൂടാതെ ജോലിയിൽ പ്രവേശിച്ച ശ്രീ.എസ്.സുനിൽകുമാറിന്റെ മുൻകാല സർവ്വീസിലെ ശമ്പളം പരിരക്ഷിച്ച്

ഉത്തരവാകുന്നതിന്പരാമർശം(7) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിവരുന്നവർക്ക് മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ചുകൊണ്ടുള്ള 13/7/1987 ലെ സ.ഉ.(എം.എസ്)നം. 162/87/തസ്വഭവ.ഉത്തരവിന് 31/3/1984 മുതൽ 11/9/2006 വരെ പ്രാബല്യമുള്ളതിനാൽ 18/02/2003 ൽ സർവ്വീസിൽ പ്രവേശിച്ച ശ്രീ.എസ്.സുനിൽകുമാറിന്റെ മുൻകാല സർവീസ് കണക്കിലെടുത്ത് ശമ്പളം സംരക്ഷിച്ചു നല്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെ. സ്റ്റാൻലി
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം .
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി,നെടുമങ്ങാട് നഗരസഭ.
ശ്രീ.എസ്.സുനിൽകുമാർ, യു.ഡി.ക്ലാർക്ക്,നെടുമങ്ങാട് നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ